**സബ്മിഷൻ**

(ശ്രീ. ടി. ജെ. വിനോദ് സീറ്റിലില്ലാതിരുന്നതിനാൽ ഒന്നാമത്തെ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

പൂക്കാട് പാലം നിർമ്മാണം

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, വൈപ്പിൻ മണ്ഡലത്തിലെ ഏക സംസ്ഥാന പാതയായ വൈപ്പിൻ-പള്ളിപ്പുറം റോഡിലെ ഗതാഗതക്കുരുക്കും ജീവഹാനിയും ദിനംപ്രതി വർധിക്കുകയാണ്. വീതികുറഞ്ഞ ഈ പാതയിലൂടെ ദിനംപ്രതി ആയിരക്കണക്കിന് വാഹനങ്ങളാണ് കടന്നുപോകുന്നത്. 2021-2025 വരെയുള്ള അഞ്ചുവർഷക്കാലയളവിൽ ഈ റോഡിൽ നടന്ന 1432 അപകടങ്ങളിലായി 100 പേർ മരണപ്പെടുകയും 95 പേർക്ക് അതീവ ഗുരുതരമായും 1337 പേർക്ക് മാരകമല്ലാത്ത രീതിയിലും 1517 പേർക്ക് സാധാരണ രീതിയിലും പരുക്കുകൾ പറ്റിയിട്ടുള്ളതായിട്ടുള്ള കണക്കുകൾ ഈ റോഡിലൂടെയുള്ള യാത്രയുടെ ഭീകരാവസ്ഥ വെളിപ്പെടുത്തുന്നു. മുനമ്പം - അഴീക്കോട് പാലംകൂടി ഗതാഗതത്തിന് തുറന്നുകൊടുക്കപ്പെടുന്നതോടെ ഈ പാതയിലൂടെയുള്ള യാത്ര കൂടുതൽ അപകടകരവും ദുരിതപൂർണ്ണവുമാകുന്നതാണ്. വൈപ്പിൻ മണ്ഡലത്തിലൂടെയുള്ള

യാത്രയ്ക്ക് പുതിയ റോഡുകളും ഗോശ്രീ പാലത്തിന് സമാന്തരമായി പുതിയ പാലങ്ങളും നിർമ്മിക്കപ്പെട്ടില്ലെങ്കിൽ വൈപ്പിൻ നിവാസികളുടെയും വൈപ്പിനിലൂടെ കടന്നുപോകുന്ന യാത്രക്കാരുടെയും ജീവന് ഭീഷണി നേരിടുന്നതും വ്യവസായ-വാണിജ്യ-വിനോദ-സഞ്ചാര മേഖലകളിൽ സ്തംഭനാവസ്ഥ നേരിടുന്നതുമാണ്. പ്രസ്തുത കായലോര റോഡിന്റെ നിർമ്മാണത്തിനായി സമർപ്പിക്കപ്പെട്ടിട്ടുള്ള പ്രൊപ്പോസലിനും ഗോശ്രീ പാലത്തിന് സമാന്തരമായുള്ള രണ്ട് പാലങ്ങളുടെയും നിർദിഷ്ട കായലോര റോഡിനെ കണ്ടെയിനർ റോഡുമായി ബന്ധിപ്പിക്കുന്ന പുക്കാട് പാലത്തിന്റെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് തുക അനുവദിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. വൈപ്പിൻകരയും സമീപ നഗരമായ കൊച്ചിയും ഭാവിയിൽ നേരിടാൻ പോകുന്ന ഗതാഗതക്കുരുക്ക് കണക്കിലെടുത്ത് ഇതിന് പരിഹാരമായി നിർദേശിക്കപ്പെടുന്ന കായലോര റോഡിന്റെയും ഗോശ്രീ പാലത്തിന് സമാന്തരമായുള്ള പാലങ്ങളുടെയും കായലോര റോഡിനെ കണ്ടെയ്നർ റോഡുമായി ബന്ധിപ്പിക്കുന്ന പുക്കാട് പാലത്തിന്റെയും നിർമ്മാണം 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ ഉൾക്കൊള്ളിക്കാനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ

പദ്ധതികളിൽ ഉൾപ്പെടുത്താനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പാലത്തിന്റെ ആവശ്യകത വളരെ ഗൗരവമുള്ളതാണെന്ന് മനസ്സിലാക്കുന്നു. പാലത്തിനായി പ്രൊപ്പോസൽ ഭരണവകുപ്പിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കാണ് സാധാരണയായി പരിഗണിക്കുന്നത്. ഇക്കാര്യം അനുഭാവപൂർണ്ണമായി പരിഗണിക്കാം, എന്നാൽ ബജറ്റ് മറുപടിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇപ്പോൾ പറയാൻ കഴിയില്ല.

ആലത്തൂർ ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വാഹനം അനുവദിക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ ബസ് വാങ്ങുന്നതിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചെങ്കിലും അതിനായുള്ള ഭരണാനുമതി ലഭിക്കാൻ വൈകിയപ്പോൾ ബസിന്റെ വില വർധിച്ചു. പിന്നീട് രക്ഷിതാക്കളിൽനിന്ന് നാല് ലക്ഷം രൂപ അധികമായി പിരിച്ച് ആ ഫണ്ട് അടയ്ക്കാൻ സ്കൂൾ അധികൃതർ തയ്യാറായി.

എന്നാൽ അഡ്വാൻസായി തുക ലഭിക്കാതെ തങ്ങൾ ബസ് നൽകില്ലെന്ന നിലപാട് ബസിന്റെ കമ്പനി ഉടമകൾ സ്വീകരിച്ചു. ഇത് കേരളത്തിലെ പൊതുവായൊരു പ്രശ്നമാണ്. ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളും ഇപ്പോൾ ആ പ്രശ്നത്തിൽപ്പെട്ടിരിക്കുകയാണ്. അഡ്വാൻസായി തുക നൽകാൻ ഗവൺമെന്റ് ഉത്തരവുണ്ട്. എന്നാൽ ഫണ്ട് ഇല്ലെന്ന മറുപടിയാണ് നിരന്തരമായി ലഭിക്കുന്നത്. പാവപ്പെട്ടവരുടെ പെൺകുട്ടികളായ മക്കൾ മാത്രം പഠിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു വിദ്യാലയമാണത്. അവർക്ക് അനുവദിച്ച പ്രസ്തുത ബസ് എത്രയും വേഗം ലഭ്യമാകണമെങ്കിൽ ഇവിടെപ്പറഞ്ഞപോലെ അഡ്വാൻസ് തുക നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ സഹായം ധനകാര്യ വകുപ്പിൽനിന്ന് ഉണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ശ്രീ. കെ. ഡി. പ്രസേനൻ എം.എൽ.എ. ഉന്നയിച്ച ആവശ്യം മറ്റ് പല എം.എൽ.എ.-മാരുടെ ഭാഗത്തുനിന്നും ഉണ്ടാകാറുള്ളതിനാൽ ഇക്കാര്യം പൂർണ്ണമായും വായിക്കുന്നതാകും നല്ലത്. 2023-24 വർഷത്തെ എം.എൽ.എ.

ആസ്തി വികസനഫണ്ടിൽനിന്നും ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന് വാഹനം വാങ്ങുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം പ്രത്യേക അനുമതി പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം 22-08-2024-ലെ കത്ത് പ്രകാരം ജില്ലാകളക്ടർ ഭരണാനുമതി നൽകിയെങ്കിലും 2024-25 സാമ്പത്തിക വർഷം അത് വിനിയോഗിക്കാൻ സാധിച്ചില്ല. 25-03-2025 തീയതിയിൽ അധിക തുക ഉൾപ്പെടുത്തി എ.ഡി.സി. നമ്പർ പ്രകാരം ജില്ലാകളക്ടർ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു എന്നാൽ സാമ്പത്തിക വർഷം അവസാനമായതിനാൽ തുക വിനിയോഗിക്കാതെ സറണ്ടർ ചെയ്തു. 27-05-2025 തീയതിയിലെ ഉത്തരവ് പ്രകാരം തുക റീ അലോട്ട്മെന്റായി അനുവദിച്ച് നൽകിയിരുന്നു. ടി തുക അനുവദിക്കാതെ ഭരണാനുമതി വീണ്ടും പുതുക്കിയതായി വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ തുക മാറുന്നതിനായി പാലക്കാട് ഉപവിദ്യാഭ്യാസ ഡയറക്ടർ ട്രഷറിയിൽ ബിൽ സമർപ്പിച്ചിട്ടില്ലെന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുമുണ്ട്. സർക്കാരിൽനിന്നും 2024-25, 2025-26 കാലയളവിൽ കൃത്യസമയത്തുതന്നെ ഫണ്ട് അലോട്ട്മെന്റ് നൽകിയിരുന്നെങ്കിലും തുക

കൃത്യമായി വിനിയോഗിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു. 05-03-2025 തീയതിയിലെ ധനസർക്കുലർ പ്രകാരം സ്കൂൾ ബസുകൾ വാങ്ങുന്നതിന് മുൻകൂർ തുക ബന്ധപ്പെട്ട വാഹന നിർമ്മാതാവിന്/ഡീലർക്ക് അനുവദിക്കുന്നതിന് ധനവകുപ്പ് പൊതുവായ അനുമതി നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ MLA (LAC-ADS) പ്രകാരം സർക്കാർ സ്കൂളുകളിൽ വാഹനം വാങ്ങുന്നതുസംബന്ധിച്ച ശീർഷകത്തിൽ പത്ത് കോടി രൂപ വകയിരുത്തിയിരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ വകയിരുത്തി നൽകിയ പത്ത് കോടി രൂപയും അധികതുകയായി അനുവദിച്ച 4,78,61,000/- രൂപയും ഉൾപ്പെടെ ആകെ 14,78,61,000/- രൂപയിൽ 12,28,17,328/- രൂപ ചെലവഴിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ബജറ്റ് വിഹിതമായ നോൺ പ്ലാനിൽപെട്ട പത്ത് കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ 6,95,73,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ചിരുന്നു. ആലത്തൂർ ഗവൺമെന്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിനുൾപ്പെടെ മുഴുവൻ തുകയും അതത് D.D.-മാർക്ക്

അലോട്ട്മെന്റ് നൽകിയിട്ടുണ്ട്. എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം പ്രത്യേക വികസനനിധി എന്നിവയിൽ നിന്ന് വാഹനം വാങ്ങുന്ന ബില്ലുകൾക്ക് കാലതാമസം കൂടാതെ പേയ്മെന്റ് നൽകുന്നതിന് ബിൽ ഡിസ്കൗണ്ടിങ് സംവിധാനത്തിൽനിന്ന് ഒഴിവാക്കി നൽകിയിട്ടുമുണ്ട്. 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വാഹനം വാങ്ങുന്നതിന് പുറപ്പെടുവിച്ച ഭരണാനുമതിയുടെ കാലാവധി 31-03-2026 വരെയായി പൊതുവായി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഇക്കാര്യത്തിൽ പണം അനുവദിക്കാത്ത പ്രശ്നമില്ല. വിദ്യാഭ്യാസ വകുപ്പിൽനിന്ന് രേഖകൾ നൽകേണ്ടതുണ്ട് എന്നതുപോലെയുള്ള ചില സാങ്കേതിക പ്രശ്നങ്ങളാണുള്ളത്. ഇന്ന് ഈ വിഷയത്തെക്കുറിച്ച് ഞാൻ ഫിനാൻസ് സെക്രട്ടറിയുമായി വീണ്ടും സംസാരിച്ചിരുന്നു. ഇദ്ദേഹം മാത്രമല്ല പല എം.എൽ.എ.-മാരും ഈ വിഷയം ഉന്നയിക്കുന്നുണ്ട്. അഡ്വാൻസായി പണം ലഭിച്ചാൽ മാത്രമേ ......... (ബഹളം) ........ അങ്ങോട്ട് ശ്രദ്ധിക്കു ...(ബഹളം).... സർ, ഇക്കാര്യത്തിൽ പണത്തിന്റെ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ല. ഇപ്പോൾ വീണ്ടും 14 കോടി

രൂപ കൂടി വച്ചിട്ടുണ്ട്. കൃത്യമായി ബില്ല് സമർപ്പിച്ചാൽ അഡ്വാൻസായി പണം നൽകും. സമരം ചെയ്യുന്ന എം.എൽ.എ.-മാർ സമരം കഴിഞ്ഞ ശേഷം ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ നിങ്ങൾക്കും ഇക്കാര്യത്തിനാവശ്യമായ തുക നൽകുന്നതാണ്. (ബഹളം)

പെരിങ്ങാട് പുഴയെ കണ്ടൽ റിസർവ് വനമാക്കുന്ന നടപടി പിൻവലിക്കൽ

ശ്രീ. മുരളി പെരുനെല്ലി: സർ, തൃശ്ശൂർ ജില്ലയിലെ മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി, വെങ്കിടങ്ങ് പഞ്ചായത്തുകളിലും ഗുരുവായൂർ മണ്ഡലത്തിലെ ഒരുമനയൂർ, ഏങ്ങണ്ടിയൂർ പഞ്ചായത്തുകളിലുമായി വ്യാപിച്ച് കിടക്കുന്ന റീസർവെ 119/2-ൽപ്പെട്ട 94.78 ഹെക്ടർ പെരിങ്ങാട് പുഴയും തീരപ്രദേശങ്ങളും കണ്ടൽ സംരക്ഷണത്തിന്റെ പേരിൽ റിസർവ് വനമായി നോട്ടിഫൈ ചെയ്തിരിക്കുകയാണ്. പൂർണ്ണമായും സ്വാഭാവിക പുഴയായി നിലനിൽക്കുന്ന ഈ പ്രദേശം വനമേഖല അല്ലാത്തതാണ്. ബി.ടി.ആർ. പ്രകാരം പുഴയായതും ഇറിഗേഷനുവേണ്ടി ഉപയോഗിക്കുന്നതുമായ പെരിങ്ങാട് പുഴയിൽ മഴക്കാലത്ത് അധികജലം കടലിലേക്ക് ഒഴുക്കുന്നതിനും നീരൊഴുക്കിനും തടസ്സമുണ്ടാക്കുന്ന രീതിയിൽ

ചെളിയും മണ്ണും അടിഞ്ഞുകൂടിയിരിക്കുകയാണ്. അതുമൂലം പ്രദേശത്തെ കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് നിത്യസംഭവമായി മാറിയിരിക്കുകയാണ്. ഏക്കർ കണക്കിന് നെൽകൃഷി ഇതുകാരണം നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. സാമൂഹികാഘാത പഠനം നടത്താതെയാണ് പ്രസ്തുത നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ ആ പ്രദേശത്തെ ജനങ്ങൾ ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നോട്ടിഫിക്കേഷൻ പിൻവലിക്കുമെന്ന് നവകേരള സദസ്സിൽ ഉറപ്പ് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത നോട്ടിഫിക്കേഷൻ റദ്ദ് ചെയ്യുന്നതിനായി സർക്കാരിനെ സമീപിച്ചപ്പോൾ 2025 മാർച്ച് 19-ന് ബഹുമാനപ്പെട്ട വനം മന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് തുടർനടപടികൾ നിർത്തി വയ്ക്കാൻ തീരുമാനിച്ചു. 22-03-2025-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയും വനം-വന്യജീവി വകുപ്പുമന്ത്രിയും എം.എൽ.എ.-യും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായൊരു യോഗം തൃശ്ശൂരിൽ വച്ച് ചേർന്നിരുന്നു. ആ യോഗത്തിലെ തീരുമാനപ്രകാരം പ്രസ്തുത

നോട്ടിഫിക്കേഷൻ റദ്ദ് ചെയ്യുന്നതിനവശ്യമായ നടപടികൾക്കായി സെറ്റിൽമെന്റ് ഓഫീസറായ സബ് കളക്ടറെ ചുമതലപ്പെടുത്തുകയും അദ്ദേഹം വളരെ വ്യക്തമായ റിപ്പോർട്ട് നൽകുകയും ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ: യെസ്, യെസ്, ബഹുമാനപ്പെട്ട അംഗം... പ്ലീസ്...

ശ്രീ. മുരളി പെരുനെല്ലി: സർ, ആ റിപ്പോർട്ടിനെ തുടർന്ന് 21-08-2025, 23-10-2025, 02-12-2025, 31-12-2025 എന്നീ തീയതികളിൽ പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് ഫോറസ്റ്റ് ഓഫീസർക്ക് നൽകിയ കത്തുകൾക്കൊന്നിനും വനം വകുപ്പിൽനിന്ന് മറുപടി പോലും ലഭിച്ചിട്ടില്ല. അടിയന്തരമായി പ്രസ്തുത നോട്ടിഫിക്കേഷൻ റദ്ദ് ചെയ്ത് പുഴയെ പൂർവ്വസ്ഥിതിയിലാക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട മണലൂർ എം.എൽ.എ. സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഈ പ്രദേശത്തിന് പ്രശ്ന പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടുകൂടി വിവിധ തലത്തിലുള്ള ചർച്ചകൾ നടത്തിയിരുന്നു. ആ ചർച്ചകളുടെ അവസാനം ഉത്തരവ്

പുറപ്പെടുവിക്കാനാണ് തീരുമാനിച്ചതെങ്കിലും 1950-ലെ വന സംരക്ഷണ നിയമത്തിൽ 2023-ൽ വന്ന ഭേദഗതിയും ഗോദവർമ്മൻ കേസിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയും പ്രകാരം സർക്കാർ ഗസറ്റിൽ വനമായി വിജ്ഞാപനം ചെയ്ത ഭൂമിയുടെ നോട്ടിഫിക്കേഷൻ റദ്ദാക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. ഇതോടൊപ്പം ‘ One Life One Earth’ എന്ന സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച പരാതിയിൽ ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് മുമ്പ് കോടതിയുടെ അനുമതി ആവശ്യമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ അഡ്വക്കേറ്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ അനുമതിയും തുടർന്ന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതിയും ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിജ്ഞാപനം പിൻവലിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ഇതിന്റെ ഭാഗമായി പുഴയിലടിഞ്ഞുകൂടിയ

ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള ഉത്തരവ് ജില്ലാകളക്ടർ പുറപ്പെടുവിക്കുകയും പുഴയുടെ ഒഴുക്ക് സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ നടപടികൾ ബഹുമാനപ്പെട്ട എം.എൽ.എ.-യുമായും ജില്ലാകളക്ടറുമായും സംസാരിച്ച് സ്വീകരിക്കുന്നതാണ്.

(ശ്രീ. പി. അബ്ദുൽ ഹമീദ് സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിക്കപ്പെട്ടില്ല.)

ബാലുശ്ശേരി ജി.എച്ച്.എസ്-ജി.വി.എച്ച്.എസ്.എസ് ലയനം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരി ജി.എച്ച്.എസ്.എസും ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസും ഒരു കോമ്പൗണ്ടിൽ മതിലുകളാൽ വേർതിരിക്കപ്പെട്ട രണ്ട് സ്കൂളുകളാണ്. രണ്ട് സ്കൂളുകളിലെയും ഭൗതിക-അക്കാദമിക് സംവിധാനങ്ങൾ കുട്ടികൾക്ക് ഉപയോഗപ്രദമായാൽ മാത്രമേ നിലവിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകുകയുള്ളൂ. സ്കൂളുകൾ ലയിപ്പിക്കുന്നതിന് രണ്ട് സ്കൂളുകളിലെയും പി.ടി.എ., എസ്.എം.സി., പ്രധാന അധ്യാപകൻമാർ, പ്രിൻസിപ്പൽമാർ, ജനപ്രതിനിധികൾ, അധ്യാപക സംഘടനകൾ,

വിദ്യാർഥി സംഘടനാപ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ചുചേർത്തിരുന്നു. എല്ലാ സംഘടനകളും സ്കൂളുകൾ ലയിപ്പിക്കുന്നതിന് പിന്തുണ അറിയിച്ചിട്ടുണ്ട്. നിലവിൽ സ്കൂളുകൾ ലയിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ താമരശ്ശേരി ഡി.ഇ.ഒ., ഡി.ജി.ഇ എന്നിവർക്ക് കൈമാറിയിട്ടുണ്ട്. അടുത്ത അധ്യായനവർഷം മുതൽ ലയനം പ്രാവർത്തികമാക്കുന്നതിന് ഈ സഭാകാലയളവിൽ തീരുമാനമുണ്ടാകാൻ താത്പര്യപ്പെടുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നിങ്ങളുടെ നാളുകൾ എണ്ണപ്പെട്ടുവെന്നാണ് പറയുന്നത്. ആരെ ഉദ്ദേശിച്ചാണ് ഇങ്ങനെ പറയുന്നത്? സഭയിൽ മുദ്രാവാക്യം വിളിക്കുകയോ പ്രതിഷേധിക്കുകയോ എന്തുവേണമെങ്കിലും ചെയ്തോളൂ. മന്ത്രിമാരെ വിരട്ടാൻ വരണ്ട, ഭരണപക്ഷത്തെ വിരട്ടാൻ വരേണ്ട. ഞങ്ങൾ ഓടുപൊളിച്ച് വന്നവരല്ല. ഞങ്ങളെല്ലാം തിരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചുവന്നവരാണ്. നിങ്ങളുടെ നാളുകൾ എണ്ണപ്പെട്ടെന്നൊന്നും പറയണ്ട. ശ്രീ. റോജി എം. ജോൺ ഞങ്ങളെ വിരട്ടണ്ട, അങ്ങോട്ടുനോക്കി പറഞ്ഞാൽ മതി. .....(ബഹളം)....

മി. സ്പീക്കർ: യെസ്... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞോളൂ. ...

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹു. സ്പീക്കറെയും മന്ത്രിമാരെയും വെല്ലുവിളിക്കുന്ന, അസഭ്യങ്ങൾ പറയുന്ന......(ബഹളം).... അങ്ങോട്ടുനോക്കി പറയാൻ പറയണം. സ്വർണ്ണ കള്ളൻ ആരാണ്; ശ്രീമതി സോണിയ ഗാന്ധിയുടെ വസതിയിൽ പോയതാരാണ്; .....(ബഹളം).... സ്വർണ്ണ കള്ളന്മാരാണല്ലോ ശ്രീമതി സോണിയ ഗാന്ധിയുടെ വസതിയിൽ പോയത്; ബ്രേസ്ലെറ്റ് വാങ്ങിയത് ആരാണ്? .....(ബഹളം)....

മി. സ്പീക്കർ: യെസ്... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ...

ശ്രീ. വി. ശിവൻകുട്ടി: സർ, .....(ബഹളം)....

മി. സ്പീക്കർ: യെസ്... മിനിസ്റ്റർ.... പ്ലീസ്.... പ്ലീസ്....

ശ്രീ. വി. ശിവൻകുട്ടി: സർ, .....(ബഹളം).... പറയാം. ഇത് ഗൗരവമുള്ളൊരു വിഷയമല്ലെ. സഭ നിശബ്ദമായിക്കോട്ടെ.

മി. സ്പീക്കർ: യെസ്... മിനിസ്റ്റർ.... പ്ലീസ്....

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, സീതി ഹാജിയെ ഉദ്ദേശിച്ചായിരിക്കും പ്രതിപക്ഷം മുദ്രാവാക്യം വിളിക്കുന്നത്. .....(ബഹളം).... കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽപ്പെട്ട ബാലുശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളും ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ഒന്നായി ലയിപ്പിച്ച് ബാലുശ്ശേരി ഹയർ സെക്കൻഡറി സ്കൂളിനെ ഒരു മാതൃകാ സ്കൂളാക്കി മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ ലഭിച്ചിരുന്നു. രണ്ട് സ്കൂളുകളിലെയും പി.റ്റി.എ. (Parent-Teacher Association) എസ്.എം.സി. (School Management Committee) എന്നിവരും അധ്യാപക സംഘടനകളും അനുകൂല നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ താമരശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ ഈ രണ്ട് വിദ്യാലയങ്ങളും ലയിപ്പിക്കുകയാണെങ്കിൽ എസ്.പി.സി., ജൂനിയർ റെഡ് ക്രോസ്, സ്കൗട്ട് & ഗൈഡ്സ് ലിറ്റിൽ കൈറ്റ്സ് എന്നിവ സംയോജിപ്പിച്ച് ശക്തമായ പാഠ്യേതര പ്ലാറ്റ് ഫോം സാധ്യമാകുമെന്നും ഇന്നൊവേഷൻ ലാബ്, ഫിറ്റ്നസ് സെന്റർ, സ്മാർട്ട് ക്ലാസ്സ് റൂമുകൾ എന്നിവ

ലഭ്യമാക്കുമെന്നും സംയോജിത ലൈബ്രറികളുടെയും ലാബുകളുടെയും മെച്ചപ്പെട്ട ഡിജിറ്റൽ പഠനാന്തരീക്ഷം ഉറപ്പാക്കുമെന്നും അറിയിച്ചിട്ടുണ്ട്. ലയനം സാധ്യമാകുമ്പോഴുണ്ടാകുന്ന ജീവനക്കാരുടെ പുനർവിന്യാസവും അടിസ്ഥാന സൗകര്യവികസനവും താരതമ്യം ചെയ്യുമ്പോൾ സാമ്പത്തിക ലാഭമുണ്ടാകുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇതൊന്ന് കേൾക്കുക. വളരെ പ്രധാനപ്പെട്ട കാര്യമാണ് പറയുന്നത്. സ്കൂളുകളുടെ ലയനംമൂലം ഒരു സ്കൂൾ നഷ്ടമാകുന്നുവെന്ന സ്ഥിതി പരിശോധിക്കേണ്ടതായുണ്ട്. സംസ്ഥാനത്തെ ഒരു സ്കൂളും ലാഭനഷ്ടങ്ങളുടെ കാര്യം പറഞ്ഞ് അടച്ചുപൂട്ടരുതെന്ന നയമാണ് സർക്കാരിന്റേത്. എന്നിരുന്നാലും ഒരു പ്രദേശത്തെ കുട്ടികൾക്ക് നിലവിൽ ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട പഠന-കായികാന്തരീക്ഷം ഈ സ്കൂളുകളുടെ ലയനം മുഖേന ലഭിക്കുമെന്ന റിപ്പോർട്ട് പരിഗണിച്ചും നാട്ടുകാരുടെയും രക്ഷകർത്താക്കളുടെയും ജനപ്രതിനിധികളുടെയും പ്രത്യേകിച്ച് സ്ഥലം എം.എൽ.എ.-യുടെയും ആവശ്യം പരിഗണിച്ചും ബന്ധപ്പെട്ട എല്ലാവരുമായും വിശദമായ ചർച്ച നടത്തി സർക്കാർ ഉടനടി ഇതുസംബന്ധിച്ചൊരു തീരുമാനം

കൈക്കൊള്ളുന്നതാണ്. പ്രതിപക്ഷാംഗങ്ങൾ നിശബ്ദത പാലിച്ചതിൽ വളരെയധികം നന്ദി രേഖപ്പെടുത്തുന്നു.

<u>ചന്തപ്പാലം-വടയാർ-മുളക്കുളം റോഡ്</u>

<u>ശ്രീമതി സി. കെ. ആശ</u>: സർ, വൈക്കത്തെ വെള്ളൂർ, തലയോലപ്പറമ്പ് എന്നീ രണ്ട് പഞ്ചായത്തുകളിലൂടെയുള്ള പ്രധാനപ്പെട്ട ചന്തപ്പാലം-വടയാർ-മുളക്കുളം റോഡിന്റെ നിർമ്മാണത്തിലുണ്ടായിട്ടുള്ള തടസ്സം നീക്കുകയെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും വിവരണാതീതമായ ദുരിതങ്ങളനുഭവിക്കുന്ന രണ്ട് പഞ്ചായത്തുകളിലെ ജനങ്ങളുടെ ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് വഴി ജർമ്മൻ ബാങ്കിന്റെ 111 കോടി രൂപ സാമ്പത്തിക സഹായത്തോടുകൂടിയാണ് വെള്ളൂർ, തലയോലപ്പറമ്പ് എന്നിവിടങ്ങളിലൂടെ പോകുന്ന ചന്തപ്പാലം-വടയാർ-മുളക്കുളം റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. (ബഹളം).....എന്റെ നാട്ടിലെ വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ആ രണ്ട് പഞ്ചായത്തുകളിലെ ജനങ്ങളുടെ ദുരിത ജീവിതം അവസാനിപ്പിക്കുന്നതിനായാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ദയവുചെയ്ത് പ്രതിപക്ഷാംഗങ്ങൾ

അവിടുത്തെ ജനങ്ങളോട് സഹകരിക്കുന്നതിന്റെ ഭാഗമായി ഈ സബ്മിഷൻ അവതരിപ്പിക്കാൻ സഹകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. മേരിമാതാ കൺസ്ട്രക്ഷൻ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചാണ് ടെൻഡർ സാധ്യമാക്കിയത്. പക്ഷേ, അവർക്ക് നിർമ്മാണപ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതും ജോലിയിൽ സാങ്കേതിക പ്രശ്നങ്ങളുണ്ടായതിനാലും ടി നിർമ്മാണ കമ്പനിയെ സർക്കാർ ടെർമിനേറ്റ് ചെയ്യുന്നൊരു സാഹചര്യമുണ്ടായി. അതിനുശേഷം നാളിതുവരെ ഈ രണ്ട് പഞ്ചായത്തുകളിലെയും ജനങ്ങളനുഭവിക്കുന്ന ജീവിത ദുരിതങ്ങൾ വിവരണാതീതമാണ്.

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീമതി സി. കെ. ആശ: സർ, ടി കമ്പനിയെ ടെർമിനേറ്റ് ചെയ്തെങ്കിലും സർക്കാർ അക്കാര്യത്തിൽ അടിയന്തരമായി ഇടപെടുകയും റേറ്റ് റിവിഷൻ വന്ന സാഹചര്യത്തിൽ അധികമായി ചെലവായ 143 കോടി രൂപ അനുവദിച്ചുകൊണ്ട് റീ-ടെൻഡർ ചെയ്തു. EKK Infrastructure Limited (EKKIL)-എന്ന കമ്പനിയാണ് ലോവസ്റ്റ് ടെൻഡർ എടുത്തതെങ്കിലും 13 ശതമാനത്തിന് മുകളിലാണെന്ന

കാരണത്താൽ ക്യാബിനറ്റ് തീരുമാനം വേണമെന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. (ബഹളം)....

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീമതി സി. കെ. ആശ: സർ, ക്യാബിനറ്റ് തീരുമാനത്തിനുവേണ്ടി അല്ലെങ്കിൽ സ്റ്റിയറിങ് കമ്മിറ്റി തീരുമാനിക്കണമെന്നതുകൊണ്ട് തന്നെ കഴിഞ്ഞ 9-ാം തീയതി സ്റ്റിയറിങ് കമ്മിറ്റി കൂടുകയും ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ചെയർമാനായുള്ള ....

മി. സ്പീക്കർ: യെസ്... യെസ്.... ശ്രീമതി സി. കെ. ആശ പ്ലീസ്...

ശ്രീമതി സി. കെ. ആശ: സർ, ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. എന്റെ നാട്ടിലെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള സ്റ്റിയറിങ് കമ്മിറ്റി കൂടിയതിനുശേഷം അത് ക്യാബിനറ്റ് തീരുമാനത്തിനുവിട്ടു. കഴിഞ്ഞ 9-ാം തീയതി മുതൽ ഇന്ന് ഞാൻ സംസാരിക്കുന്ന ഫെബ്രുവരി 2-ാം തീയതി വരെ ആ ഫയൽ സെക്രട്ടേറിയറ്റിലെ ഫിനാൻസിന്റെയും

പി.ഡബ്ല്യൂ.ഡി.-യുടെയും വിവിധ സെക്ഷനുകളിലാണ്. ഭരണത്തിലെ തട്ടുകളുടെ എണ്ണത്തിന്റെയും കൂടെ പ്രശ്നമാണുണ്ടായിരിക്കുന്നത്. (ബഹളം).... (KSTP) Kerala State Transport Project ഫിനാൻസ് വഴി എൻ.സി.ബി. സെക്ഷനിലേക്ക് പോയി. അവിടെനിന്നും ഡെപ്യൂട്ടി സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സി.റ്റി.ഇ (Chief Technical Examiner) എന്നിവിടങ്ങളിലേക്ക് ഫയൽ എത്തി. ഇന്നലെ സി.റ്റി.ഇ (Chief Technical Examiner) കണ്ടതിനുശേഷം വീണ്ടും ഫിനാൻസ്, എൻ.സി.ബി., ഡെപ്യൂട്ടി സെക്രട്ടറിയും അഡീഷണൽ സെക്രട്ടറിയും കണ്ടതിനുശേഷം ഫിനാൻസ് സെക്രട്ടറി കണ്ട് ഫിനാൻസ് മിനിസ്റ്റർ കൂടി ഒപ്പിട്ടതിനുശേഷം ഇനിയത് പി.ഡബ്ല്യൂ.ഡി. മിനിസ്റ്ററുടെ ഓഫീസിൽ വന്ന് വീണ്ടും വിവിധ ഘട്ടങ്ങൾ കഴിഞ്ഞാണ് ക്യാബിനറ്റിലേക്ക് വരാൻ.

<u>മി. സ്പീക്കർ</u>: യെസ്... യെസ്.... ബഹുമാനപ്പെട്ട മിനിസ്റ്റർ. പ്ലീസ്... പ്ലീസ്...

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഇനി ഇലക്ഷൻ പ്രഖ്യാപിച്ചു കഴിഞ്ഞാൻ ആ വർക്ക് നടക്കാതെ വരും. അതുകൊണ്ട്...... (ബഹളം)....

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, വൈക്കം കടുത്തുരുത്തി നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന വടയാർ-ചന്തപ്പാലം-മുളക്കുളം റോഡും വടയാർ-കല്ലാട്ടിപ്പാലം-മുട്ടച്ചിറ റോഡും പരാതിയിലുൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെ.എസ്.ടി.പി. നടപ്പാക്കിവരുന്നു. കരാർ വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ആദ്യമുണ്ടായിരുന്ന കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. ശേഷിക്കുന്ന പ്രവർത്തികൾക്കായി 145.21 കോടി രൂപയുടെ ഭരണാനുമതി നൽകി. തുടർന്ന് പ്രവൃത്തികളുള്ള ആകെ ടെൻഡറിൽ ഒരു കരാറുകാരൻ മാത്രമാണ് പങ്കെടുത്തത്. റീ-ടെൻഡർ നടപടിക്രമങ്ങൾ നടത്തിവരുന്നു. റീ-ടെൻഡറിൽ രണ്ട് കമ്പനികൾ പങ്കെടുത്തെങ്കിലും അതിൽ ഏറ്റവും കുറഞ്ഞ ബിഡ് തുക പരിശോധിച്ചപ്പോൾ അത് ടെൻഡർ തുകയെക്കാളും 12.90 ശതമാനം അധികമായാണ് ക്വാട്ട് ചെയ്തിട്ടുള്ളത്. 09-01-2026-ൽ നടന്ന കെ.എസ്.ടി.പി.-യുടെ സ്റ്റിയറിങ് കമ്മിറ്റിയിൽ ടെൻഡർ അംഗീകരിക്കുന്നതിനായി സർക്കാരിന് നിർദേശം സമർപ്പിക്കുന്നതിന്

തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള കെ.എസ്.ടി.പി.-യുടെ ആവശ്യം പരിശോധിച്ച് വരികയാണ്. വേഗത്തിൽ തീരുമാനമെടുക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

## ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ജോബ് മൈക്കിൾ: സർ, ഇന്നലെ കേന്ദ്രസർക്കാർ അവതരിപ്പിച്ച ബജറ്റിനെയും സംസ്ഥാന സർക്കാർ അവതരിപ്പിച്ച ബജറ്റിനെയും സംബന്ധിച്ച് ഇന്നിവിടെ നല്ലരീതിയിൽ ചർച്ച നടക്കുമെന്ന് മനസ്സിലായതിനാലാണ് ആ ചർച്ച എങ്ങനെയെങ്കിലും മടക്കാൻവേണ്ടിയാണ് പ്രതിപക്ഷാംഗങ്ങൾ ഇന്ന് ഈ സഭ അലങ്കോലപ്പെടുത്താൻ ശ്രമിക്കുന്നത്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുന്ന സങ്കീർണ്ണവും വളരെയധികം ചർച്ച ചെയ്യപ്പെടുന്നതുമായ വിഷയമാണ് ഞാനിവിടെ ഉന്നയിക്കുന്നത്. ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തരമായി പ്രസിദ്ധീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും അതിന് പരിഹാരം കണ്ടെത്തുന്നതിനുമായി

2020 നവംബർ മാസത്തിൽ സർക്കാർ റിട്ടയേർഡ് ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായി ഒരു കമ്മീഷനെ നിയമിച്ചു. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിഷയങ്ങൾ മനസ്സിലാക്കാനും പഠിക്കാനും അതിന് പരിഹാരം കാണാനും വേണ്ടി 2020-ൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷനെ നിയമിച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. മുമ്പ് ഭരിച്ചിരുന്ന ഒരു സർക്കാരും അതിന് തയ്യാറായിരുന്നില്ല. ഈ സർക്കാരിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിഷയങ്ങൾ പഠിച്ച് പൊതുസമൂഹത്തിനുമുന്നിൽ കൊണ്ടുവരാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി കാണിച്ച ധീരമായ നിലപാടിനെ അഭിനന്ദിക്കുകയാണ്. അതോടൊപ്പം, 2021 ഫെബ്രുവരി മാസത്തിൽ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസം, സാമ്പത്തിക പിന്നോക്കാവസ്ഥ, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിച്ച് അവയ്ക്കുള്ള പരിഹാര നിർദേശങ്ങൾ ഉൾപ്പെടെയുള്ള സമഗ്രമായ റിപ്പോർട്ട് 2023 മെയ് മാസത്തിൽ സർക്കാരിന്

സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് നാളിതുവരെ പ്രസിദ്ധീകരിച്ചില്ല; ആയത് പ്രസിദ്ധീകരിക്കാനുള്ള നിർദ്ദേശമുണ്ടാകണം. അതോടൊപ്പം, സംസ്ഥാന സർക്കാർ ഇപ്പോൾ ഉന്നയിച്ച പല ആവശ്യങ്ങളും നടപ്പാക്കിക്കൊണ്ടിരിക്കുകയും അതിനുവേണ്ടി ക്യാബിനറ്റ് സബ്കമ്മിറ്റിയെ നിയോഗിക്കുകയും സെക്രട്ടറി തലത്തിൽ കമ്മിറ്റിയെവച്ച് പഠിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, വിവരാവകാശ രേഖയിലൂടെ മനസിലാക്കിയ കാര്യങ്ങളാണ് ഞാനിവിടെ പറഞ്ഞത്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കുവേണ്ടിയുള്ള അവകാശങ്ങളായതിനാൽ ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടുകൾ അടിയന്തരമായി പ്രസിദ്ധീകരിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ കേൾക്കുന്നതിന് പ്രതിപക്ഷാംഗങ്ങൾക്ക് താൽപര്യമില്ലേ; നിങ്ങൾ അരമനതോറും കയറിയിറങ്ങി പിതാക്കൻമാരെ കാണുന്നുണ്ടല്ലോ; ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവച്ച ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നില്ലെന്ന് പറഞ്ഞ് പിതാക്കൻമാരെ അരമനയിൽ പോയികണ്ട് ഓരോന്ന് പറയുന്നുണ്ടല്ലോ; ആ കാര്യം സഭയിൽ ചർച്ച

ചെയ്യുമ്പോൾ നിങ്ങൾ അതിനോട് സഹകരിക്കുന്നില്ല. നിങ്ങളുടെ സ്നേഹം സഭയോടും ക്രിസ്റ്റ്യൻ മാനേജുമെന്റിനോടും ന്യൂനപക്ഷത്തോടുമല്ല, നിങ്ങൾ പക്കാ രാഷ്ട്രീയമാണ് നടത്തുന്നത്. ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനായി ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് സർക്കാർ തയ്യാറാകണമെന്ന് ശക്തമായ ഭാഷയിൽ ഞാൻ ആവശ്യപ്പെടുകയാണ്.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, സുദീർഘമായൊരു റിപ്പോർട്ടാണത്. കേരള നിയമസഭയുടെ നടപടിക്രമം പ്രകാരം ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ. ഉന്നയിച്ച ഈ സബ്മിഷൻ വളരെ പ്രധാനപ്പെട്ടതാണ്. കേരളത്തിലെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഒരു കമ്മീഷനെ നിയമിക്കുകയും ആ കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുകയും അത് നടപ്പാക്കുകയും ചെയ്തിരിക്കുകയാണ്. സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ

വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കുന്നതിനായി 05-11-2020-ലെ സ.ഉ.(എം.എസ്.) നം.214/2020/ആഭ്യന്തരം നമ്പർ പ്രകാരം റിട്ടയേർഡ് ചീഫ് ജസ്റ്റിസ് ജെ. ബി. കോശി അധ്യക്ഷനായും ഡോ. ക്രിസ്റ്റി ഫെർണാണ്ടസ് ഐ.എ.എസ്. (റിട്ടയേർഡ്) എന്നിവർ അംഗങ്ങളായും ഒരു കമ്മീഷനെ നിയമിച്ചു.

ജസ്റ്റിസ് (റിട്ട) ബി. കോശി കമ്മീഷൻ, പഠനം പൂർത്തിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച പഠന റിപ്പോർട്ടിൽ 284 പ്രധാന ശിപാർശകളും 45 ഉപ ശിപാർശകളുമാണുള്ളത്. ടി പഠന റിപ്പോർട്ടിലെ നിർദേശങ്ങൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി G2/110/2023-HOME നമ്പർ ഫയലിലെ ഉത്തരവുപ്രകാരം ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷക്ഷേമ വകുപ്പിലേക്ക് റിപ്പോർട്ട് കൈമാറിയിരുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലും ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് 02-03-2024-ൽ സ. ഉ. (ആർ.റ്റി.) നം.

993/2024/പൊ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കുന്ന പ്രവർത്തനം ഏകോപിപ്പിക്കുന്നു.

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ ശിപാർശകൾ ത്വരിതഗതിയിൽ നടപ്പാക്കുന്നതിനായി ബഹുമാനപ്പെട്ട മന്ത്രിയുടെ അധ്യക്ഷതയിൽ 17-02-2025-നും 06-01-2026-നും വകുപ്പുകളുടെ അവലോകന യോഗങ്ങൾ നടത്തുകയുണ്ടായി. ന്യൂനപക്ഷക്ഷേമ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടറിമാരുടെ യോഗം 09-01-2024, 29-05-2025 എന്നീ തീയതികളിലും ചീഫ് സെക്രട്ടറിതലത്തിൽ വകുപ്പ് സെക്രട്ടറിമാരുമായി 04-03-2024, 17-04-2024, 27-06-2024, 27-12-2025, 11-11-2025 എന്നീ ദിവസങ്ങളിലായി 5 തവണ യോഗം ചേരുകയും ശിപാർശകളിന്മേൽ നടപടിയെടുക്കേണ്ട വകുപ്പുകളോട് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ നിർദേശിക്കുകയും ചെയ്തു. കൂടാതെ, ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറി തലത്തിലും യോഗം ചേർന്ന് നടപടികൾ അവലോകനം നടത്തുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകൾ 36 വകുപ്പുകൾ മുഖേന നടപ്പാക്കേണ്ടവയാണ്.

17 വകുപ്പുകൾ ലഭ്യമായ ശിപാർശകൾ പൂർണ്ണമായും നടപ്പാക്കുകയും 19 വകുപ്പുകൾ അതത് വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകൾ ഭാഗികമായി നടപടി പൂർത്തിയാക്കിയിട്ടുമുണ്ട്. നിലവിൽ പ്രാബല്യത്തിലുള്ള കേന്ദ്ര, സംസ്ഥാന നിയമങ്ങൾ/ചട്ടങ്ങൾ, കോടതി ഉത്തരവുകൾ എന്നിവയിൽ മാറ്റം വരുത്തിയാലെ മറ്റ് വകുപ്പുകളുടെ ശിപാർശകൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലൊരു സമ്മതപത്രം ലഭ്യമാക്കിയാൽ സാമ്പത്തിക ബാധ്യതയുണ്ടാകുന്നപക്ഷം ആയത് പരിഹരിക്കുന്നതിന് ഫണ്ട് വകയിരുത്തുകയോ ചെയ്യേണ്ടതായ ശിപാർശകൾ മാത്രമാണ് നടപ്പാക്കാൻ ബാക്കി നിൽക്കുന്നത്. റിപ്പോർട്ടിലെ ശിപാർശകൾ അടിയന്തരമായി നടപ്പാക്കുന്നതിന് 06-01-2026-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വകുപ്പ് സെക്രട്ടറിമാർക്ക് പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പാക്കേണ്ട 40 ശിപാർശകളിൽ 33 ശിപാർശകൾ ഇപ്പോൾ നടപ്പാക്കിയിട്ടുണ്ട്. മറ്റ് വകുപ്പുകളിൽ നടപ്പാക്കിയ ശിപാർശകളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നവയാണ്.

| ക്രമ നമ്പർ | വകുപ്പ് | നടപ്പാക്കേണ്ടുന്ന നിർദേശങ്ങൾ | നടപ്പാക്കിയവ |
|---|---|---|---|
| 1 | Revenue | 47 Nos | 14 Nos |
| 2 | Backward | 26 Nos | 1 No |
| 3 | P&ARD | 15 Nos | 3 Nos |
| 4 | Water Resource Dept. | 18 Nos | 7 Nos |
| 5 | LSGD | 55 Nos | 10 Nos |
| 6 | General Education Dept. | 42 Nos | 12 Nos |
| 7 | GA (Co-Ordination) Dept. GA (Services D) dept | 11 Nos | 5 Nos |
| 8 | Fisheries Dept. | 64 Nos | 50 Nos |
| 9 | Health&Family Welfare Dept. | 35 Nos | 4 Nos |
| 10 | Agriculture Dept. | 25 Nos | 14 Nos |
| 11 | Forest & Wild Life | 18 Nos | 6 Nos |
| 12 | Environment Dept. | 6 Nos | 3 Nos |
| 13 | Co-Operation Dept | 13 Nos | 4 Nos |
| 14 | Social Justice | 11 Nos | 2 Nos |
| 15 | Science & Technology | 2 Nos | 0 |
| 16 | Higher Education | 50 Nos | 25 Nos |
| 17 | Tourism | 5 Nos | 2 Nos |
| 18 | Sports & Youth Affairs | 1 No | 0 |
| 19 | Cultural Affairs Dept. | 6 Nos | 1 No |
| 20 | Law Dept. | 2 Nos | 1 No |
| 21 | Power Dept | 2 Nos | 0 |

| | | | |
|---|---|---|---|
| 22 | Taxes/Excise Dept. | 1 No | 1 No |
| 23 | PWD | 2 Nos | 2 Nos |
| 24 | Animal Husbandry | 2 Nos | 2 Nos |
| 25 | Ports | 1 No | 1 No |
| 26 | Finance Dept. | 11 Nos | 0 |
| 27 | Women & Child Dept | 3 Nos | 0 |
| 28 | Home Dept. | 6 Nos | 4 Nos |
| 29 | Labour Dept. | 10 Nos | 6 Nos |
| 30 | CSIN | 2 Nos | 1 No |
| 31 | Food &Civil supplies | 4 Nos | 3 Nos |
| 32 | Industries Dept. | 3 Nos | 2 Nos |
| 33 | SC/ST | 2 Nos | 0 |
| 34 | Planning & Economic Affairs Dept | 1 No | 0 |
| 35 | Ayush Department | 1 No | 1 No |
| Total | | | 220 |

ഇതുമായി ബന്ധപ്പെട്ട് 220 ശിപാർശകൾ നടപ്പാക്കിയിട്ടുണ്ട്. നിയമത്തിൽ ചില മാറ്റങ്ങൾ വരേണ്ടതിനാൽ ബാക്കിയുള്ളവ വളരെ വേഗത്തിൽ നടപ്പാക്കാൻ ശ്രമിക്കുംന്നതാണ്. (...... ബഹളം......)

<u>മി. സ്പീക്കർ</u>: ബാക്കി വിശദാംശം ടേബിൾ ചെയ്താൽ മതിയാകും.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, ശേഷിക്കുന്ന ഭാഗം മേശപ്പുറത്തുവയ്ക്കുന്നു.+

(നോട്ടീസ് നൽകിയിരുന്ന പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്.... (മൈക്ക് ഓഫ്) ....

<u>മി. സ്പീക്കർ</u>: (...... ബഹളം......) പ്ലീസ്...... ഫ്ലോർ ഓർഡറിലാകണം.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോയി)

---

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.